**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1199** — **07-12-2022 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള വെള്ളക്കര കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശിക ഇനത്തിൽ നാളിതുവരെ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; സർക്കാർ വകുപ്പുകൾ, തദ്ദേശ/ പൊതുമേഖല /സ്വയംഭരണ സ്ഥാപനങ്ങൾ, ഗാർഹിക-ഗാർഹികേതര ഉപഭോക്താക്കൾ എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | **കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ ചാർജ് ഇനത്തിൽ 10/2022 വരെ പിരിഞ്ഞുകിട്ടാനുള്ള തുക Demand Collection Balance (DCB) പ്രകാരം 1763.71 കോടി രൂപയാണ്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.**<br><br>• **സർക്കാർ സ്ഥാപനങ്ങൾ - 269.75 കോടി രൂപ**<br>• **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ- 967.78കോടി രൂപ (പഞ്ചായത്തുകൾ - 362.45 കോടിരൂപ, കോർപ്പറേഷനുകൾ - 430.06 കോടിരൂപ, മുനിസിപ്പാലിറ്റികൾ - 175.27കോടി രൂപ)**<br>• **പൊതുമേഖല സ്ഥാപനങ്ങൾ-10.43കോടി രൂപ**<br>• **ഗാർഹിക വിഭാഗം - 209.52 കോടി രൂപ.**<br>• **ഗാർഹികേതര വിഭാഗം-306.23 കോടി രൂപ.** |
| (ബി) | കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പിരിച്ചെടുത്ത തുകയുടെ വിശദാംശം നൽകുമോ? | (ബി) | **ദീർഘകാലമായ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി 18-07-2022 ലെ സർക്കാർ ഉത്തരവ് നമ്പർ.(ആർ.റ്റി)615/2022/ജ.വി.വ പ്രകാരം ആംനെസ്റ്റി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 99,133 അപേക്ഷകൾ ലഭിക്കുകയും 03/12/2022 വരെ 60,890 അപേക്ഷകൾ പരിഹരിക്കുകയും, 30.18 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ